ആരോഗ്യ പരിപാലന പദ്ധതിക്ക് ലോകബാങ്ക് അംഗീകാരം

117 [3507] ശ്രീ. ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ പരിപാലനത്തിനായി കേരള ഗവൺമെന്റ് സമർപ്പിച്ച പദ്ധ കൾക്ക് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രകോടി രൂപയുടെ ഏതെല്ലാം പദ്ധതികൾക്കാണ് അംഗ കാരം ലഭിച്ചതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതികൾക്കായി ലോകബാങ്ക് നൽകുന്ന വായ്പയുടെ വ്യ സ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പലിശയടക്കമുള്ള ഈ വായ്പയുടെ തിരിച്ചടവിന് പണം സ്വരൂപിക്ക ന്നതെങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി 810.46 കോടി രൂപയുടെ 'കേരളാ സെക്കന്ററി ഹെൽത്ത് സിസ്റ്റം ഡെവലപ്മെന്റ് പ്രോജക്ട് എന്ന ഒരു പദ്ധതി ലോകബാങ്ക് സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന അംഗീകാരം ലഭിച്ചിട്ടില്ല.

(സി & ഡി) പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ലോകബാങ്കുമായ ചർച്ചകൾ നടന്നുവരികയാണ്. വ്യവസ്ഥകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

ആരോഗ്യ വകുപ്പിന്റെ ചികിത്സാ സഹായം

118 [3508] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗികളുടെ ചികിൽസക്ക് വേണ്ടി ആരോഗ്യ വകുപ്പ് ഏതെങ്കിലും വിധത്തിലുള്ള സഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് എത്ര രൂപ വീതം സഹായം നൽകി എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയിലേക്ക് കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നിന്നും എത്രപേർ അപേക്ഷിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിൽ എത്രപേർക്ക് എത്ര തുക വീതം നൽകി എന്ന് പേരുവിവരം സഹിതം വെളിപ്പെടുത്തുമോ;

(എഫ്) ഈ ധനസഹായ വിതരണത്തിൽ കാലതാമസം ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(എച്ച്) ഗുണഭോക്താക്കൾക്ക് യഥാസമയം സഹായം ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഐ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാവപ്പെട്ടവർക്ക് ചികിത്സ ധനസഹായം ലഭ്യമാക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ രണ്ട് സംവിധാനങ്ങൾ നിലവിലുണ്ട്.

1. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ
2. ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധി

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവറിൽ നിന്ന് 584 പേർക്ക് ധനസഹായം അനുവദിക്കുകയുണ്ടായി. 2,63,08,215 രൂപ (രണ്ടുകോടി അറുപത്തിമൂന്നു ലക്ഷത്തി എണ്ണായിരത്തി ഇരുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) ഈ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്. ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്ന് 414 പേർക്കായി 2,07,382 രൂപ (രണ്ടു ലക്ഷത്തി ഏഴായിരത്തി മുന്നൂറ്റി എൺപത്തി രണ്ടു രൂപ) ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്.

(സി) വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്:

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ: സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾ, ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന, വാർഷിക കുടുംബവരുമാനം 24,000 രൂപയിൽ കുറവുള്ള രോഗികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹൃദയ, മസ്തിഷ്ക ശസ്ത്രക്രിയകൾ വൃക്ക മാറ്റിവയ്ക്കൽ, കാൽമുട്ട് ചിരട്ട മാറ്റിവയ്ക്കൽ, മറ്റു ചില സുപ്രധാന അസ്ഥി ശസ്ത്രക്രിയകൾ എന്നീ ചികിത്സകൾക്കാണ് ധനസഹായം അനുവദിക്കുന്നത്. നിർദ്ദിഷ്ട അപേക്ഷ ഫോമിലാണ് അപേക്ഷിക്കേണ്ടത്.

ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധി: വാർഷിക കുടുംബ വരുമാനം 24,000 (ഇരുപത്തി നാലായിരം രൂപ മാത്രം) രൂപയിൽ കുറവുള്ള രോഗികൾക്ക് വരുമാന സർട്ടിഫിക്കറ്റ്, മറ്റു ചികിത്സാ ധനസഹായം ലഭിച്ചിട്ടില്ലെന്ന് കാണിക്കുന്ന റവന്യൂ അധികാരികളുടെ സാക്ഷ്യപത്രം, രോഗവിവരം കാണിച്ചുകൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷിച്ചാൽ ഈ ധനസഹായം ലഭിക്കുന്നതാണ്.

(ഡി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകരുടെ കണക്ക് ലഭ്യമല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ് & ജി) ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നുള്ള ധന സഹായ വിതരണത്തിന് കാലതാമസമുണ്ടായിട്ടില്ല. എന്നാൽ ഫണ്ടിന്റെ ലഭ്യതയിലു ണ്ടായ കാലതാമസം കാരണം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവറിൽ നിന്നുള്ള ധനസഹായ വിതരണത്തിന് കാലതാമസം ഉണ്ടായിട്ടുണ്ട്. 16-7-2004-ലെ കണക്കുപ്രകാരം 2,04,83,648 രൂപ (രണ്ടുകോടി നാലു ലക്ഷത്തി എൺപത്തി മൂവായിരത്തി അറുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) സൊസൈറ്റിയുടെ അക്കൗണ്ടിലുണ്ട്. ആത് എത്രയും വേഗം വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച് & ഐ) ലഘൂകരിച്ച വ്യവസ്ഥകൾ തന്നെയാണ് നിലവിലുള്ളത്. അപേക്ഷകളുടെ എണ്ണം വളരെ കൂടുതലും ഇപ്പോൾ കൈവശമുള്ള ഫണ്ട് കുറവും ആയതിനാൽ അനുവദിക്കുന്ന പരമാവധി തുകയിൽ കുറവ് വരുത്തുന്നതിനും അതുവഴി കൂടുതൽ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു.

ആരോഗ്യ വകുപ്പിലെ മരാമത്ത് പണികൾ

119 [3509] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ എത്ര കോടി രൂപയുടെ മരാമത്ത് പണികൾ പ്രതിവർഷം നടക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly